(ഡി) ഈ ഗവണ്മെന്റ് നിലവിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ വരവും ചെലവും തമ്മിലുള്ള വിടവ് നികത്തുവാൻ എന്തെല്ലാം നടപടികൾ എടുത്തു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഓരോ വർഷത്തെയും വ്യത്യാസം ഇപ്രകാരമാണ്

| | |
|---|---|
| 1990-91 | 422.02 |
| 91-92 | 364.33 |
| 92-93 | 337.40 |
| 93-94 | 371.61 |
| 94-95 | 399.88 |
| 95-96 | 402.81 |
| 96-97 | 643.03 |
| 97-98 | 1122.91 |
| 98-99 | 2029.96 |
| 99-2000 | 3624.21 |

(ബി) ഓരോ വർഷവും മുതലെടുപ്പിനേക്കാൾ ചെലവ് കൂടുതലായിരുന്നു.

(സി) വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ശമ്പള അലവൻസ് | പെൻഷൻ | വായ്പയിന്മേലുള്ള പലിശ | തിരിച്ചടവ് |
|---|---|---|---|---|
| 1990-91 | 1682.65 | 293.14 | 340.63 | 1282.45 |
| 91-92 | 1383.59 | 338.96 | 483.42 | 1941.40 |
| 92-93 | 1419.46 | 371.87 | 542.51 | 2075.22 |
| 93-94 | 1836.14 | 464.72 | 687.16 | 1305.49 |
| 94-95 | 2194.25 | 565.45 | 819.67 | 302.27 |
| 95-96 | 2230.40 | 716.55 | 924.15 | 163.93 |
| 96-97 | 2616.66 | 754.86 | 1103.41 | 304.10 |
| 97-98 | 2803.26 | 913.02 | 1286.09 | 522.72 |
| 98-99 | 3254.68 | 1154.32 | 1446.26 | 2474.63 |
| 99-2000 | 4401.39 | 1808.29 | 1952.27 | 4365.32 |

(ഡി) റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിലേക്ക് ഊർജ്ജിത ശ്രമം നടത്തുവാനും ചിലവു ചുരുക്കുന്നതിന് ആവശ്യമായ എല്ലാ നിർദ്ദേശവും ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്.

## നികുതിപിരിവ്

12 (344) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. കെ.എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു വർഷം ലക്ഷ്യമിട്ട നികുതി പിരിവ് 30.11.2000 വരെയുള്ള കാലയളവിൽ എന്ത് പുരോഗതി നേടിയെന്ന്, സ്റ്റാമ്പ് ആന്റ് രജിസ്ട്രേഷൻ, സ്റ്റേറ്റ് ലോട്ടറി, മോട്ടോർ വെഹിക്കിൾസ് സെയിൽടാക്സ്, അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ്, എക്സൈസ് ഫോറസ്റ്റ്, ലാന്റ് റവന്യൂ എന്നിങ്ങനെ ഓരോ വകുപ്പും തിരിച്ച് അറിയിക്കാമോ;

(ബി) ഈ നികുതി പിരിവ് മുൻവർഷത്തേക്കാൾ എത്ര ശതമാനം വർദ്ധനവ് കാണിക്കുന്നുണ്ടെന്ന് താരതമ്യം ചെയ്ത് വിശദമാക്കാമോ;

(സി) വിൽപ്പന നികുതി ഏകീകരണം കൊണ്ട് സംസ്ഥാനത്തിനു ണ്ടായ നേട്ടങ്ങളും കോട്ടങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) മൂല്യ വർദ്ധിത നികുതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(എഫ്) ഇത് എന്നത്തേയ്ക്ക് കേരളത്തിൽ പ്രാബല്യത്തിലാകുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) & (ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) നികുതി ഏകീകരണം കൊണ്ടുള്ള നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തി വരുന്നതേയുള്ളു.

(ഡി)-(എഫ്) ധനകാര്യ മന്ത്രിമാരുടെ സമ്മേളനത്തിൽ 2002 ഏപ്രിൽ 1 മുതൽ മൂല്യവർദ്ധിത നികുതി എല്ലാ സംസ്ഥാനങ്ങളിലും നടപ്പിലാക്കണ മെന്ന് തീരുമാനം ഉണ്ടായിട്ടുണ്ട്. ഈ തീരുമാനം കേരളമടക്കം എല്ലാ സംസ്ഥാങ്ങൾക്കും ബാധകമാണ്.

## പിരിഞ്ഞു കിട്ടാനുള്ള നികുതി

13 (345) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-96 മുതൽ ഓരോ സാമ്പത്തിക വർഷവും പ്രതീക്ഷിച്ച ടാക്സ് റവന്യൂവും യഥാർത്ഥത്തിൽ പിരിച്ചുകിട്ടിയ ടാക്സ് റവന്യൂവും എത്ര വീതമായിരുന്നു; പ്രതീക്ഷിച്ച ടാക്സ് റവന്യൂവിൽ കുറവ് വരുവാനുള്ള കാര ണമെന്താണ്;

(ബി) 1995-96 മുതൽ ഓരോ സാമ്പത്തികവർഷവും പ്രതീക്ഷിച്ച വിൽപന നികുതിയിൽ നിന്നുള്ള വരുമാനവും പിരിഞ്ഞുകിട്ടിയ തുകയും എത്രവീതമായിരുന്നു; പ്രതീക്ഷിച്ചതിൽനിന്നും വിൽപന നികുതിയിൽ നിന്നുള്ള വരുമാനം കുറയാനുള്ള കാരണമെന്ത്;

(സി) 2000-2001-ൽ പ്രതീക്ഷിച്ച ടാക്സ് റവന്യൂ എത്രയായിരുന്നു; ഇതിൽ ഓരോ പാദത്തിലും എന്തു തുക വീതം പിരിച്ചെടുക്കണമെന്നാണ് ലക്ഷ്യമിട്ടിരുന്നത്. പ്രസ്തുത വർഷത്തെ ആദ്യ രണ്ട് പാദങ്ങളിൽ ഓരോ ന്നിലും മൂന്നാം പാദത്തിൽ ഇതുവരെയും ടാക്സ് റവന്യൂ ഇനത്തിൽ എന്തു

LIBRARY ARCHIVES Kerala Legislative Assembly